**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2018 ഡിസംബർ , 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസം വരെയുള്ള വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച ഉത്തരവ് ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**G.O (Rt) No.1890/2019/FIN** **തീയതി,തിരുവനന്തപുരം,15.03.2019**

പരാമർശം :- 1) സ.ഉ.(സാധ) നം. 1182/2019/ധന തീയതി: 16.02.2019
2) സ.ഉ.(എം എസ്) നം. 91/2019/ധന തീയതി: 18.02.2019
3) സ.ഉ.(ആർ ടി) നം.1614/2019/ധന തീയതി: 02.03.2019

**ഉത്തരവ്**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ വരെയുള്ള അഞ്ച് മാസത്തെ പെൻഷൻ നൽകുന്നതിനായി 343,84,62,499/- രൂപ ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയും അതിന്റെയടിസ്ഥാനത്തിൽ 343,84,62,499/- രൂപ (മുന്നൂറ്റി നാൽപ്പത്തിമൂന്ന് കോടി എൺപത്തിനാല് ലക്ഷത്തി അറുപത്തി രണ്ട് ആയിരത്തി നാനൂറ്റി തൊണ്ണൂറ്റിഒൻപത് രൂപ മാത്രം) പരാമർശം ഒന്ന് പ്രകാരം അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരാമർശം രണ്ട് പ്രകാരം 2019 ഏപ്രിൽ മുതൽ ക്ഷേമനിധി ബോർഡ് പെൻഷൻ 1200 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ആകയാൽ 2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള 5 മാസത്തെ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നതിന് 350,35,11,099/- രൂപ (മുന്നൂറ്റി അമ്പത് കോടി മുപ്പത്തി അഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) ആവശ്യമായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ വരെയുള്ള അഞ്ച് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 350,35,11,099/- രൂപ (മുന്നൂറ്റി അമ്പത് കോടി

മുപ്പത്തി അഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള തരത്തിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 00110102300O269 നമ്പർ അക്കൗണ്ടിൽ നിന്നും (IFSC Code IBKL046KS01) അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്കു ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു . ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണ വകുപ്പിന് നിർദ്ദേശം സമർപ്പിക്കേണ്ടതില്ല .

3. 2018 ഡിസംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള അഞ്ച് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല.

4. ക്ഷേമനിധി ബോർഡ് പെൻഷൻ 2019 ഏപ്രിൽ ആദ്യവാരം വിതരണം ആരംഭിക്കേണ്ടതും വിതരണം ആരംഭിച്ച 10 ദിവസത്തിനുള്ളിൽ പെൻഷൻ വിതരണം പൂർത്തിയാക്കേണ്ടതുമാണ്. പ്രസ്തുത സമയത്തിനുള്ളിൽ വിതരണം ചെയ്യാത്ത തുക കേരള സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 00110102300O269 നമ്പർ (IFSC Code IBKL046KS01) അക്കൗണ്ടിൽ തന്നെ 5 ദിവസത്തിനുള്ളിൽ തിരിച്ചടക്കുന്നു എന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

5. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്തുകൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജീവ് കൗശിക് ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം )**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ , കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.

തൊഴിൽ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.

ധനകാര്യ(ബജറ്റ്/ലേബർ/കൃഷി/എക്സ്പെൻഡിച്ചർ/രഹസ്യ)വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)

ബിൽ/കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

| | ക്ഷേമനിധി ബോർഡ് | തുക അനുവദിച്ചു നൽകേണ്ടതായ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് | ആകെ പെൻഷൻ കാരുടെ എണ്ണം | നൽകേണ്ട പെൻഷൻ തുക | | |
|---|---|---|---|---|---|---|
| | | | | 04/2019 ൽ അധികം അനുവദിക്കേണ്ട തുക | നീക്കിയിരിപ്പുള്ള തുക | ആകെ ആവശ്യമുള്ള പെൻഷൻ തുക |
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 799011400005224 , ജില്ലാ ട്രഷറി തിരുവനന്തപുരം | 2575 | 257500 | 1296567 | 13123433 |
| 2 | കർഷക പെൻഷൻ | 701011400000165,ജില്ലാ ട്രഷറി തിരുവനന്തപുരം | 290908 | 29090800 | 37195454 | 1591889346 |
| 3 | മത്സ്യ തൊഴിലാളി | 713021400000017 സബ് ട്രഷറി , തൃശ്ശൂർ | 63030 | 6303000 | 5269900 | 347698100 |
| 4 | ക്ഷീര കർഷക പെൻഷൻ | SPL TSB-16 (701041400000016) സബ് ട്രഷറി വെള്ളയമ്പലം | 56650 | 5665000 | 0 | 232265000 |
| 5 | ലോട്ടറി തൊഴിലാളി | 799011400004208 ജില്ലാ ട്രഷറി തിരുവനന്തപുരം | 1947 | 194700 | 0 | 10903200 |
| 6 | കയർ തൊഴിലാളി | 706011400000011 , ജില്ലാ ട്രഷറി ആലപ്പുഴ | 72253 | 7225300 | 2410902 | 401780898 |
| 7 | ഖാദി തൊഴിലാളി | 701011400000114. ജില്ലാ ട്രഷറി തിരുവനന്തപുരം | 696 | 69600 | 0 | 2824000 |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 701010200002558,ജില്ലാ ട്രഷറി , തിരുവനന്തപുരം | 11073 | 1107300 | 0 | 64407900 |
| 9 | അസംഘടിത തൊഴിലാളി (റിട്ടയേർഡ് ) | 799011400005224, ജില്ലാ ട്രഷറി , തിരുവനന്തപുരം | 9618 | 961800 | 0 | 53860800 |
| 10 | ചുമട്ടു തൊഴിലാളി | 799011400005013 അഡീഷണൽ സബ് ട്രഷറി എറണാകുളം | 3885 | 388500 | 0 | 21756000 |
| 11 | ആഭരണ തൊഴിലാളി | 799011400005233, ജില്ലാ ട്രഷറി തിരുവനന്തപുരം | 119 | 11900 | 0 | 666400 |
| 12 | ചെറുകിട തോട്ടം തൊഴിലാളി | 799010100018822 , ജില്ലാ ട്രഷറി കോട്ടയം | 244 | 24400 | 0 | 1366400 |
| 13 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 711090100000664, സബ് ട്രഷറി , അങ്കമാലി | 8242 | 824200 | 1683220 | 49076580 |
| 14 | ബീഡി തൊഴിലാളി | 799010100142950 ,ജില്ലാ ട്രഷറി കണ്ണൂർ | 2818 | 281800 | 1000000 | 14780800 |
| 15 | സിഗാർ തൊഴിലാളി | 799010100142950, ജില്ലാ ട്രഷറി കണ്ണൂർ | 100 | 10000 | 110000 | 450000 |
| 16 | തയ്യൽ തൊഴിലാളി | 701011400000283,ജില്ലാ ട്രഷറി തിരുവനന്തപുരം | 50143 | 5014300 | 1118680 | 274946620 |
| 17 | കൈത്തറി തൊഴിലാളി | 719011400000082 , ജില്ലാ ട്രഷറി കണ്ണൂര് | 9554 | 955400 | 2675668 | 50276732 |
| 18 | കശുവണ്ടി തൊഴിലാളി | 799010100142752, ജില്ലാ ട്രഷറി കൊല്ലം | 66631 | 6663100 | 1694710 | 371438890 |
| | **ആകെ** | | **650486** | **65048600** | | **350,35,11,099** |